**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3488** **12-03-2025 - ൽ മറുപടിയ്ക്ക്**

**നെൽകൃഷി മേഖലയിലെ യന്ത്രവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ നെൽകർഷകരെ സഹായിക്കുന്നതിനായി പഞ്ചായത്തുകൾ തോറും നടീൽ, കൊയ്ത്ത് ഉൾപ്പെടെയുള്ള കാർഷികവൃത്തികൾ യന്ത്രവൽക്കരണത്തോടെ ചെയ്യുന്നതിനുള്ള സംവിധാനവും സഹായവും ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. നെൽകർഷകരെ സഹായിക്കുന്നതിനായി പഞ്ചായത്തുകൾ തോറും ഞാറ്റടി ഉല്പാദനം, ട്രാക്ടർ-ടില്ലർ ഉപയോഗിച്ച് നിലം ഒരുക്കൽ, യന്ത്രോപകരണങ്ങൾ ഉപയോഗിച്ചുള്ള നടീൽ, കൊയ്ത്ത് ഉൾപ്പെടെയുള്ള കാർഷികവൃത്തികൾ കാർഷിക സേവനകേന്ദ്രങ്ങളും കാർഷിക കർമ്മസേനകളും മുഖേന നൽകി വരുന്നുണ്ട്. കാസറഗോഡ് ജില്ലയിൽ 4 കാർഷിക സേവന കേന്ദ്രങ്ങളും, 2 കൃഷിശ്രീ സെന്ററുകളും, 12 കാർഷിക കർമ്മസേനകളും പ്രവർത്തിക്കുന്നുണ്ട്. ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എൻജിനീയറുടെ കാര്യാലയത്തോടനുബന്ധിച്ച് പ്രവർത്തിക്കുന്ന കസ്റ്റം ഹയറിംങ് സെന്ററിൽ നിന്നും കാർഷികവൃത്തിക്കായി വിവിധതരം കാർഷിക യന്ത്രോപകരണങ്ങൾ വാടകയ്ക്ക് നൽകി വരുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ സബ് മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ (SMAM) പദ്ധതി മുഖേന സബ്സിഡി നിരക്കിൽ കാർഷിക യന്ത്രോപകരണങ്ങൾ ലഭ്യമാക്കുന്നുണ്ട്. 2021-2022 സാമ്പത്തിക വർഷം മുതൽ 2023-2024 സാമ്പത്തിക വർഷം വരെ 6674 കാർഷിക യന്ത്രോപകരണങ്ങൾ സബ്സിഡി നിരക്കിൽ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | നെൽകൃഷി മേഖലയിൽ വ്യാപകമായ തോതിൽ തൊഴിലാളികൾ കുറവായതിനാൽ ഈ മേഖലയ്ക്ക് ഗുണപ്രദമാകുന്ന തരത്തിൽ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | കാർഷിക സേവന കേന്ദ്രങ്ങളിലേയും കാർഷിക കർമ്മസേനകളിലേയും കൃഷിശ്രീ സെന്ററുകളിലേയും സർവീസ് പ്രൊവൈഡർമാർക്ക് കേരള സ്റ്റേറ്റ് അഗ്രികൾച്ചറൽ മെക്കനൈസേഷൻ മിഷൻ മുഖേന നെൽകൃഷി മേഖലയ്ക്ക് ഗുണപ്രദമാകുന്ന തരത്തിൽ യന്ത്ര പരിശീലനങ്ങൾ നൽകാറുണ്ട്. സർവീസ് പ്രൊവൈഡർമാർ നെൽകർഷകർക്ക് നടീൽ, കൊയ്ത്ത് ഉൾപ്പെടെയുള്ള കാർഷികവൃത്തികൾ കാർഷിക യന്ത്രോപകരണങ്ങളുടെ സഹായത്തോടെ |

| | | | |
|---|---|---|---|
| | | | ചെയ്തു കൊടുക്കാറുണ്ട്. കൃഷി വകുപ്പിന്റെ കീഴിലുള്ള കസ്റ്റംഹയറിംങ് സെന്ററിൽ നിന്നും കർഷകർക്ക് ഗുണപ്രദമാവുന്ന തരത്തിൽ വിവിധതരം കാർഷിക യന്ത്രോപകരണങ്ങൾ വാടകയ്ക്ക് ലഭ്യമാക്കി വരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ സബ് മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ (SMAM) മുഖേന കർഷകർ, കർഷക ഗ്രൂപ്പുകൾ, എഫ്.പി.ഒ., പ്രാഥമിക സഹകരണസംഘങ്ങൾ തുടങ്ങിയവർക്ക് വിവിധ കാർഷിക യന്ത്രോപകരണങ്ങൾ 40 മുതൽ 80 ശതമാനം വരെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ